© J. S. Paluch Co., Inc.

# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153
**St. Mary's Parish Unit,** 5212 W. Agatite Ave, Chicago, IL 60630
October 5, 2008, Vol. 4, Issue 2
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

## കൊന്ത പത്ത്

**ഇടവക പള്ളിയിൽ** ഈ വർഷത്തെ കൊന്ത പത്ത് ഒക്ടോബർ 10 വെള്ളി മുതൽ 19 ഞായർ വരെയായിരിക്കും. തിങ്കൾ മുതൽ വെള്ളിവരെ ദിവസങ്ങളിൽ വൈകുന്നേരം 7:00നും ശനിയാഴ്ച കളിലും ഞായറാഴ്ചകളിലും രാവിലെ 10:00നും കുർബ്ബാനയ്ക്കു ശേഷമായിരിക്കും കൊന്ത ചൊല്ലു ന്നത്. ഞായറാഴ്ചകളിൽ കുട്ടികളുടെ കൊന്ത ഇംഗ്ലീഷിൽ വേദപാഠത്തിനുശേഷം പാരീഷ് ഹോളിലായിരിക്കും. തുടർന്ന് അവർക്ക് കുർബ്ബാനയും ഹോളിലായിരിക്കും.

**കമ്മ്യൂണിറ്റി സെന്ററിലെ കൊന്ത നമസ്കാരം** ഒക്ടോബർ 20 മുതൽ 24 വരെയും 27 മുതൽ 31 വരെയും (തിങ്കൾ മുതൽ വെള്ളി വരെ) വൈകുന്നേരം 7:00 മണിയ്ക്കു കുർബ്ബാനയെ തുടർന്നാ യിരിക്കും. ഓ.എൽ.വി.യിലെ കുട്ടികളുടെ കൊന്ത നമസ്കാരം ഒക്ടോബർ 19, 26 തീയതികളിൽ വൈകുന്നേരം 5:15 നായിരിക്കും.






## CONGRATULATIONS TO KNANAYA CATHOLIC MISSION OF ATLANTA FROM SACRED HEART KNANAYA CATHOLIC PARISH OF CHICAGO.

Photo Left: Vicar General Rev. Fr. Abraham Mutholath inaugurating Knanaya Catholic Mission of Atlanta on September 20, 2008



Congratulations to Rev. Fr. John Chennakuzhy, the new director of Knanaya Catholic Mission in San Jose. Photo taken at the bishop's house after receiving the appointment order from Bishop Mar Jacob Angadiath. Also seen are Fr. Vinod Madathiparambil (Finance Officer of the diocese), Fr. Roy Kaduppil (Chancellor), and George Thottapuram.

## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**First Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**

## RECONCILIATION / CONFESSION

**First Sundays from 10:00 A.M. - 12:30 P.M.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## THEOLOGY CLASS

**Second and Fourth Saturdays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

## MEN'S & WOMEN'S MINISTRIES

**Third Saturday after 10:00 A.M. Mass**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**

October 2008

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

# Schedule of Events

### SATURDAY, OCTOBER 4, 2008
**Feast day of St. Francis Assisi**
Holy Mass and Novena at 10:00 A.M.

### SUNDAY, OCTOBER 5, 2008
**Syro-Malankara Mass at 8:30 A.M.**
**Confession from 10:00 A.M. to 1:00 P.M.**
Holy Mass and Religious Education at 10:00 A.M.
Syro-Malabar English Mass at 11:30 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

### THURSDAY, OCTOBER 9, 2008
Holy Mass and Novena at Community Center at 7:00 P.M.

### FRIDAY, OCTOBER 10, 2008
Holy Mass and 10 Day Rosary at 7:00 P.M.

### SATURDAY, OCTOBER 11, 2008
Holy Mass, 10 Day Rosary and Novena at 10:00 A.M.
**Theology Class after 10:00 A.M. Mass**

### SUNDAY, OCTOBER 12, 2008
Holy Mass and Religious Education at 10:00 A.M.
Rosary in the Church after the Mass.
Rosary and English Mass at 11:30 A.M. in the hall.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

### MONDAY, OCTOBER 13, 2008
Holy Mass and 10 Day Rosary at 7:00 P.M.

### TUESDAY, OCTOBER 14, 2008
Holy Mass and 10 Day Rosary at 7:00 P.M.

### WEDNESDAY, OCTOBER 15, 2008
Holy Mass and 10 Day Rosary at 7:00 P.M.

### THURSDAY, OCTOBER 16, 2008
Holy Mass and 10 Day Rosary at 7:00 P.M.
Holy Mass and Novena at Community Center at 7:00 P.M.

### FRIDAY, OCTOBER 17, 2008
Holy Mass, Novena of St. Michael and 10 Day Rosary at 7:00 P.M.

### SATURDAY, OCTOBER 18, 2008
Holy Mass, 10 Day Rosary and Novena at 10:00 A.M.

### SUNDAY, OCTOBER 19, 2008
MISSION SUNDAY
Holy Mass and Religious Education at 10:00 A.M.
Rosary in the Church after the Mass.
Rosary and English Mass at 11:30 A.M. in the hall.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

### MONDAY, OCTOBER 20, 2008
Holy Mass and 10 Day Rosary at KCS Community Center 7:00 P.M.

### TUESDAY, OCTOBER 21, 2008
Holy Mass and 10 Day Rosary at KCS Community Center 7:00 P.M.



# വികാരിയുടെ സന്ദേശം

## കത്തോലിക്കരുടെ ആത്മീയ ആയുധമായ ജപമാല

എന്റെ പ്രിയ സഹോദരങ്ങളേ,

കൊന്തമാസമായ ഒക്ടോബറിൽ പത്തു ദിവസം അടുപ്പിച്ച്, സൂര്യോദയത്തിനു മുൻപ്, ചൂട്ടും കത്തിച്ച്, അയൽക്കാരെ കൂട്ടുപിടിച്ച്, ഉത്സാഹത്തോടെ പള്ളിയിൽ പോയിരുന്നത് നാട്ടിൽനിന്നു വന്ന നമുക്ക് മറക്കാനാവില്ല. ദിവ്യബലിയും കൊന്ത നമസ്കാരവും പരിശുദ്ധ കുർബ്ബാനയുടെ വാഴ്വും കഴിഞ്ഞ് മടങ്ങുമ്പോൾ സൂര്യൻ ഉദിച്ചിരിക്കും. അതിനു ശേഷമാണ് കുട്ടികൾ സ്കൂളിൽ പോകുകയും മുതിർന്നവർ ജോലിയിൽ ഏർപ്പെടുകയും ചെയ്തിരുന്നത്. കുടുംബ ഐക്യവും ഇടവക കൂട്ടായ്മയും ഏറെ ഹൃദ്യതയോടെ അനുഭവിച്ചിരുന്ന കാലമായിരുന്നു അത്.

ഒക്ടോബറിൽ തുടർച്ചയായി പത്തു ദിവസം പള്ളിയിലെ കൊന്ത നമസ്കാരത്തിലും ബലിയർപ്പണത്തിലും പങ്കെടുക്കുന്നത് അത്മീയ നവീകരണ ഘട്ടമായി കണക്കാക്കി പോരുന്നു. ആ പാരമ്പര്യത്തിന്റെ തുടർച്ചയെന്ന നിലയിൽ ചിക്കാഗോയിൽ നാമും ഈ മാസത്തിൽ പത്തു ദിവസത്തെ കൊന്ത നമസ്കാരം നടത്തുകയാണ്.

1170 മുതൽ 1221 വരെ ജീവിച്ചിരുന്ന വിശുദ്ധ ഡോമിനിക്കിനു മാതാവു പ്രത്യക്ഷപ്പെട്ടു നല്കിയതാണ് ജപമാല. അക്കാലത്ത് സഭയുടെ ശത്രുക്കളെ അതിജീവിക്കുന്നതിനു മാതാവു നല്കിയ ആത്മീയ ആയുധമാണു കൊന്ത. അതിന്റെ ശക്തിയാൽ 1571 ഒക്ടോബർ 7ന് ക്രിസ്ത്യൻ സൈന്യം ലെപ്പന്റോയിലെ യുദ്ധത്തിൽ വിജയം കൈവരിച്ചു. ആ ചരിത്ര സംഭത്തിന്റെ ഓർമ്മയ്ക്കായി എല്ലാവർഷവും ഒക്ടോബർ 7ന് ജപമാല രാജ്ഞിയുടെ തിരുന്നാൾ ആഘോഷിക്കുവാൻ, അക്കാലത്തു ജപമാലി ഭക്തി പ്രചരിപ്പിച്ചിരുന്ന ഡോമിനിക്കൻ സഭാംഗമായിരുന്ന അഞ്ചാം പിയൂസ് മാർപാപ്പാ ആഹ്വാനം ചെയ്തു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ സഭയെ നയിച്ച, "റോസറി പാപ്പാ" എന്നറിയപ്പെട്ടിരുന്ന പതിമൂന്നാം ലിയോ മാർപാപ്പാ ജപമാല ഭക്തി ഏറെ പ്രചരിപ്പിക്കുകയും ഒക്ടോബർ മാസം മുഴുവൻ കൊന്ത മാസമായി ആചരിക്കുവാൻ കല്പിക്കുകയും ചെയ്തു.

കൊന്ത നമസ്കാരത്തിന്റെ വികാസ പരിണാമത്തെക്കുറിച്ച് വേറെയും ചരിത്രമുണ്ട്. മദ്ധ്യ നൂറ്റാണ്ടുകളിൽ കത്തോലിക്കാ സന്യാസിമാർ തങ്ങളുടെ അനുദിന പ്രാർത്ഥനയുടെ ഭാഗമായി 150 സങ്കീർത്തനങ്ങൾ ചൊല്ലുകയോ ആലപിക്കുകയോ ചെയ്തിരുന്നു. എന്നാൽ വായിക്കുവാൻ കഴിവില്ലാതിരുന്ന അക്കാലത്തെ അല്മായ സന്യാസിമാർക്ക് സങ്കീർത്തനങ്ങൾക്കു പകരമായി സ്വർഗ്ഗസ്ഥനായ പിതാവേ എന്നു തുടങ്ങുന്ന കർതൃ പ്രാർത്ഥന 150 പ്രാവശ്യം ചൊല്ലുവാനാണു നല്കിയിരുന്നത്. എണ്ണം തെറ്റാതിരിക്കുവാൻ 150 മണികളുള്ള കൊന്തപോലുള്ള ചരട് അവർ ഉപയോഗിക്കുകയും അത് അവരുടെ വസ്ത്ര ധാരണത്തിന്റെ ഭാഗമായി മാറുകയും ചെയ്തിരുന്നു. പിന്നീട് സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയ്ക്കു പകരം നന്മ നിറഞ്ഞ മറിയമേ എന്നു തുടങ്ങുന്ന ജപം 150 പ്രാവശ്യം ചൊല്ലുവാനും അവയെ മൂന്നു ഗണമായി തിരിച്ച്, സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും മഹിമയുടെയും രഹസ്യങ്ങൾ ധ്യാനിക്കുവാനും നിർദ്ദേശിച്ചു. അങ്ങനെയാണ് കൊന്തയുടെ ഇന്നത്തെ രീതി ഉടലെടുത്തത്. അടുത്ത കാലത്ത് 2002ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പ്രകാശത്തിന്റെ രഹസ്യങ്ങൾ കൂടി കൊന്തയുടെ മറ്റു മൂന്നു രഹസ്യങ്ങളോടൊപ്പം കൂട്ടിച്ചേർത്തു.

കേരളത്തിൽ പ്രേഷിത പ്രവർത്തനത്തിനു വന്ന കത്തോലിക്കാ മിഷനറിമാരും സഭാ പിതാക്കന്മാരും ജപമാല ഭക്തിയും ഉത്തരീയ ഭക്തിയും പ്രചരിപ്പിക്കുന്നതിൽ ഉത്സുകരായിരുന്നു. എപ്പോഴും ഉത്തരീയം ധരിക്കുവാനും അനുദിനം കൊന്ത നമസ്കാരം ചൊല്ലുവാനും അവർ പ്രോത്സാഹിപ്പിച്ചു. ജപമാലയും ഉത്തരീയവും കത്തോലിക്കരെ തിരിച്ചറിയുന്ന അടയാളമായി മാറി. മരണാസന്നനായ ഒരാളുടെ മതം അറിയില്ലെങ്കിൽ അയാൾ ഉത്തരീയമോ ജപമാലയോ ധരിച്ചിട്ടുണ്ടെങ്കിൽ വൈദികർ അയാൾക്ക് രോഗീലേപനം നല്കിയിരുന്നു. അനുദിന സായാഹ്ന പ്രാർത്ഥനകളിലും വിഷമ സന്ധികളിലും നമ്മുടെ ആളുകൾ ജപമാലയെ വലിയ പ്രത്യാശയോടെ ഉപയോഗിച്ചിരുന്നു. അതിന്റെ സദ്ഫലം ഏറെ ഉണ്ടാവുകയും ചെയ്തു. നമ്മുടെ കാരണവന്മാരെ അനുകരിച്ച് പതിവു പ്രാർത്ഥനകളിൽ മാത്രമല്ല, യാത്രയിലും ഫ്രീ റ്റൈം കിട്ടുമ്പോഴും കൊന്തചൊല്ലുവാനുള്ള താല്പര്യം നാം സ്വയം വളർത്തുകയും വരും തലമുറകളിലേയ്ക്കു പകരുകയും വേണം.

ഇന്നത്തെ രീതിയിലുള്ള കരിസ്മാറ്റിക് ധ്യാനങ്ങളും പ്രാർത്ഥനാ ഗ്രൂപ്പുകളും ഉടലെടുക്കുന്നതിനു മുൻപ്, സ്വയം പ്രേരിത പ്രാർത്ഥന കത്തോലിക്കർക്ക് പരിചിതമല്ലായിരുന്നു. അതിനാൽ ജപമാല കത്തോലിക്കരുടെ വലിയൊരു പ്രാർത്ഥനാ മുറയായി നിലനിന്നു പോന്നു. ഇന്നും കൊന്ത നമസ്കാരത്തിന്റെ പ്രസക്തി കുറഞ്ഞിട്ടില്ല. കാരണം, കൊന്ത ബൈബിൾ അധിഷ്ഠിതമാണ്. അതു നമ്മെ മാതാവിലേയ്ക്കു മാത്രമല്ല, മാതാവു വഴി മിശിഹായിലേയ്ക്കാണു നയിക്കുന്നത്. ഈശോയുടെ രക്ഷാകര പദ്ധതിയിൽ മാതാവുമായി ബന്ധപ്പെട്ട ബൈബിൾ ഭാഗങ്ങളാണ് കൊന്തയുടെ സമയത്തു നാം ധ്യാന വിഷയമാക്കുന്നത്.

അനുദിന കൊന്ത കുടുംബങ്ങളെ ഐക്യപ്പെടുത്തുകയും ദൈവത്തോട് അടുപ്പിക്കുകയും വിഷമ സന്ധികളിൽ ധൈര്യം നല്കുകയും ചെയ്യുന്നു. കുടുംബ ബന്ധങ്ങളും സാമുദായിക ഐക്യവും

*(Continued on page 4)*

### നറുങ്ങുവെട്ടം

**മേവുഡ് പള്ളിയിലെ മാതൃ ഭക്തി വഴി നമ്മുടെ സമുദായത്തിൽ നടക്കുന്ന അത്ഭുതകരമായ മാറ്റം കൊന്ത വഴി നമ്മുടെ കുടുംബങ്ങളിലും ഉണ്ടാകും.**



# വിശ്വാസം ഒഴിവാക്കിയാൽ ക്നാനായത്വത്തിനു പ്രസക്തിയുണ്ടോ?



ഫാ. ബൈജു മുകളേൽ

ക്നാനായത്വമെന്ന വികാരം ഉള്ളിൽ പേറുന്ന കാരണത്താൽതന്നെ ഈ സമൂഹത്തെ സ്നേഹിക്കുന്നവരാണ് നാമെല്ലാം. നമ്മെ നാമാക്കുന്ന നമ്മെ ഒന്നിപ്പിക്കുന്ന ഈ വികാരത്തെ ഉണർത്താൻ കൂടിയാണ് നാം ഒന്നിച്ചു കൂടാറുള്ളത്. വെറും വികാരങ്ങൾ മാത്രം പക്ഷെ നമ്മെയൊരിക്കലും ലക്ഷ്യത്തിലെത്താൻ സഹായിക്കില്ല. വിചാരം ചേർന്ന വികാരത്തിനു മാത്രമേ നമ്മെ പുരോഗതിയിലേയ്ക്ക് നയിക്കാനാവൂ. ചിന്തയില്ലാത്ത വികാരം അന്ധമാണ്. ക്നാനായത്വമെന്ന വികാരത്തിൽ അറിവും ചിന്തയും ലയിപ്പിച്ചാൽ മാത്രമേ സമുദായ പുരോഗതിയുണ്ടാവുകയുള്ളൂ. ക്നാനായ സമുദായത്തെക്കുറിച്ച് നമുക്കുള്ള അറിവ് എന്ത്? ആ അറിവിനെ വളർത്താൻ നാമെന്തുമാത്രം പരിശ്രമിച്ചിട്ടുണ്ട് എന്ന് ഒരു ആത്മപരിശോധന നടത്തുന്നത് നല്ലതായിരിക്കും.

ക്നാനായ എന്നും സമുദായം എന്നും രണ്ട് പദങ്ങൾ ചേർന്നതാണല്ലോ ക്നാനായ സമുദായം എന്ന പേര്. ഇതിൽ സമുദായം എന്നത് നാമപദവും ക്നാനായ എന്നത് നാമവിശേഷണവുമാണ്. അടിസ്ഥാനപരമായി നാം ചിന്തിക്കുന്നത് നാമപദമായ സമുദായത്തെക്കുറിച്ചാണ്. ക്നാനായ എന്നത് നാമവിശേഷണം മാത്രം. Cum, unire എന്നീ രണ്ട് ലാറ്റിൻ പദങ്ങളിൽ നിന്നാണ് കമ്മ്യൂണിയനും കമ്മ്യൂണിറ്റിയും ഉണ്ടാകുന്നത്. With union അഥവാ with unity എന്ന കൂട്ടായ്മയാണ് കമ്മ്യൂണിറ്റിയെ കമ്മ്യൂണിറ്റിയാക്കുന്നത്. നാമെല്ലാം ഒന്നാണ് എന്ന ചിന്തയാണ് സമുദായത്തിന്റെ അടിസ്ഥാന സവിശേഷത. ക്നാനായ സമുദായത്തിന് ഈ ഐക്യബോധം എന്നു നഷ്ടപ്പെടുന്നുവോ അന്ന് അതൊരു സമുദായമല്ലാതായിത്തീരും.

ഒരു വ്യക്തി ക്നാനായക്കാരൻ ആയിരിക്കുന്ന അവസ്ഥയുടെയും ഒരു വ്യക്തിയെ ക്നാനായക്കാരൻ ആക്കുന്ന ഘടകങ്ങളുടെയും അകെത്തുകയാണ് ക്നാനായത്വം. ക്നാനായ മാതാപിതാക്കളിൽ നിന്ന് ജനിച്ചവൻ ക്നാനായക്കാരനാണ് എന്ന് പറയാം. ഒരു വ്യക്തിയുടെ പിതാവും മാതാവും ക്നാനായക്കാരായിരുന്നാൽ മാത്രമേ ആ വ്യക്തി ക്നാനായക്കാരനാവുകയുള്ളൂ. അവിടെ വീണ്ടുമൊരു ചോദ്യമുയരും. ആരാണ് ക്നാനായ മാതാപിതാക്കൾ? ഈ ചോദ്യത്തിനുത്തരം പറയണമെങ്കിൽ നാം ചരിത്രത്തിലേയ്ക്ക് പ്രവേശിച്ചേ മതിയാകൂ. ക്നാനായ മാതാപിതാക്കൾ ക്നായിത്തോമ്മായുടെ നേതൃത്വത്തിൽ സിറിയായിൽ നിന്ന് കേരളത്തിൽ കുടിയേറി പാർത്തവരുടെ പിന്തലമുറക്കാർ ആണ്. ഇവിടെ ആരാണ് ക്നായിത്തോമ്മാ? ആരുടെ കൂടെ, എന്ന്, എന്തിനായി അവിടെനിന്ന് എവിടെ വന്നു? ആരുടെ പിൻ തലമുറക്കാർ, എന്ത് ചെയ്തു, എന്നിങ്ങനെ ഏറെ ചോദ്യങ്ങൾക്കുത്തരം പറയേണ്ടതുണ്ട്. അതിനും മുമ്പേ നാം പറയാൻ പോകുന്ന ഉത്തരങ്ങളുടെ അധികാരികതയും വാസ്തവികതയും നാം തെളിയിക്കേണ്ടതുണ്ട്.

ക്നാനായ സമുദായത്തിന്റെ ചരിത്രം തെളിയിക്കാനുതകുന്ന സമകാലീന രേഖകൾ ഒന്നും തന്നെ നമ്മുടെ കൈയിലില്ല. ഒരു പക്ഷെ ക്നാനായ സമുദായ ചരിത്രത്തിന് ഏറെ അധികാരികത നല്കാൻ പര്യാപ്തമായിരുന്ന ക്നായിത്തൊമ്മൻ ചെപ്പേട് നമുക്ക് നഷ്ടപ്പെട്ടുപോയി. ചരിത്ര രേഖകളുടെ അഭാവത്തിൽ ചരിത്ര പഠനത്തിന് നമുക്ക് ഏറെ ആശ്രയിക്കാവുന്നത് ഗദ്യപദ്യരൂപത്തിലുള്ള വാമൊഴി പാരമ്പര്യത്തെയാണ്. അതായത് ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് തലമുറകൾ കൈമാറിവരുന്ന പാരമ്പര്യം. വാമൊഴി പാരമ്പര്യത്താൽ ഏറെ അനുഗ്രഹീതമായ സമുദായമാണ് നമ്മുടേത്. ഇന്ന് നിലവിലുള്ള രൂപത്തിൽ നമ്മുടെ പുരാതന പാട്ടുകളിൽ പലതിനും നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. പതിനഞ്ചാം നൂറ്റാണ്ടു മുതൽ ഭാരതത്തിലെത്തിയ യൂറോപ്യൻ മിഷ്യനറിമാരും കുടിയേറ്റക്കാരും നമ്മുടെ സമുദായത്തെക്കുറിച്ച് എഴുതിയിട്ടുള്ളവ അന്ന് നിലവിലിരുന്ന വാക്മൊഴി പാരമ്പര്യങ്ങളെ അടിസ്ഥാനമാക്കിയാണ്.

നമ്മുടെ പാരമ്പര്യമനുസരിച്ച്, പേർഷ്യൻ സാമ്രാജ്യത്തിൽപ്പെട്ട സെലൂക്യ- സ്റ്റെസിഫോണിലെ കാതോലിക്കാ ബാവായ്ക്ക് ഭാരതത്തിലെ ക്രൈസ്തവ സഭയുടെ ശോച്യാവസ്ഥയെക്കുറിച്ച് സ്വപ്നത്തിൽ കിട്ടിയ വെളിപാടിൽ നിന്നാണ് ക്നാനായ കുടിയേറ്റത്തിന്റെ തുടക്കം. ഭാരത സഭയെ സഹായിക്കുക എന്ന ശ്രമകരമായ ദൗത്യം കാതോലിക്കാ ബാവാ ഏല്പിച്ചത്, ഭാരതവുമായി വാണിജ്യ ബന്ധമുണ്ടായിരുന്ന ക്നായിതോമ്മായെയാണ്. ദക്ഷിണ മെസൊപ്പൊട്ടാമിയായിലെ കീനായി എന്ന പട്ടണത്തിൽ നിന്നുള്ള യഹൂദരായ ഏഴ് ഇല്ലങ്ങളിൽപ്പെട്ട 72 കുടുംബങ്ങളിൽനിന്നുള്ള 400ഓളം ആൾക്കാരുമായി അദ്ദേഹം ക്രിസ്തുവർഷം 345ൽ കൊടുങ്ങല്ലൂരിൽ എത്തി. സംഘടിത കുടിയേറ്റത്തിലൂടെ സുവിശേഷവല്ക്കരണമെന്ന ആശയം സഭാ ചരിത്രത്തിലാദ്യമായി പ്രായോഗികമാക്കിയ തൊമ്മൻ കീനാൻ ആ ഉദ്ദേശത്തിനായി ഉറഹാ മാർ ജോസേഫ് മെത്രാനേയും നാലു വൈദികരെയും ഏതാനും ശെമ്മാശ്ശന്മാരേയും ഇക്കൂട്ടത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ക്നായ് തോമ്മായ്ക്കും കൂട്ടർക്കും രാജകീയ വരവേൽപ്പാണ് അന്ന് കേരളം ഭരിച്ചിരുന്ന ചേരരാജാവായ ചേരമാൻ പെരുമാൾ നല്കിയത്. 72 രാജകീയ പദവികളും ജാതിവ്യവസ്ഥയിൽ ഉയർന്ന സ്ഥാനവും പള്ളിയും വീടുകളും വയ്ക്കുന്നതിനുള്ള സ്ഥലം കരമൊഴിവായും തോമായ്ക്കും കൂട്ടർക്കും ചേരമാൻ പെരുമാൾ നല്കി. തെക്കുഭാഗരുടെ പിന്നീടുള്ള ചരിത്രത്തിൽ അവർക്കു കിട്ടിയ എല്ലാവിധ പദവികളും അവരുടെ വിശ്വാസവും അവരുടെ ആരാധനാക്രമവുമെല്ലാം തദ്ദേശീയ മാർത്തോമ്മാ ക്രിസ്ത്യാനികളുമായി പങ്കുവെയ്ക്കുന്ന ചിത്രമാണ് നാം കാണുക. അങ്ങനെയാണ് വിശ്വാസ

(Continued on page 5)

(Continued from page 3)

ശിഥിലമാകുന്ന ഇക്കാലത്ത്, നമ്മുടെ കുടുംബങ്ങളിൽ സായാഹ്ന പ്രാർത്ഥനകൾ മുടക്കാതിരിക്കുവാനും അതിൽ ജപമാല ഉൾപ്പെടുത്തുവാനും മാതാപിതാക്കൾ ഉത്സാഹിക്കണം. അപ്പോൾ നമ്മുടെ ഇടയിൽ മാതാവിന്റെ മദ്ധ്യസ്ഥം വഴിയായി വലിയ മാറ്റങ്ങൾ സംഭവിക്കും. കാരണം അനുദിനം കൊന്തചൊല്ലുന്നവരെ താൻ നിരന്തരം സഹായിക്കുമെന്ന് പരിശുദ്ധ അമ്മ പലതവണ വെളിപ്പെടുത്തിയിട്ടുണ്ട്.

ഒത്തിരി സ്നേഹത്തോടെ,

ഫാ. എബ്രഹാം മുത്തോലത്ത്

*(Continued from page 4)*

ത്തിലും ആരാധനാക്രമത്തിലും സാമൂഹ്യതലത്തിലുമെല്ലാം സമാന സ്വഭാവം പുലർത്തുന്ന തെക്കുംഭാഗരും വടക്കുംഭാഗരും ഉൾക്കൊള്ളുന്ന ക്രൈസ്തവ സഭ ഭാരതത്തിൽ വളർന്ന് വികസിച്ചു വരുന്നത്. അതിൽ അതിശയിക്കാനൊന്നുമില്ല. കാരണം അതിനായിട്ടാണ്, പങ്കുവെക്കലിന്റെ സുവിശേഷം ആകാനും ജീവിത സാക്ഷ്യത്തിലൂടെ അത് പങ്കുവെയ്ക്കുവാനുമായിട്ടാണ് നമ്മുടെ പൂർവ്വികർ കേരളത്തിലെത്തുന്നത്.

പങ്കു വെയ്ക്കാത്തതായി അവർക്ക് ഒന്ന് മാത്രമേ ഉണ്ടായിരുന്നുള്ളൂ: പൈതൃക പാരമ്പര്യമായി അവർ കൊണ്ടു നടന്നിരുന്ന ക്നാനായ സമുദായാംഗത്വം. സ്വവംശവിവാഹനിഷ്ഠ പാലിച്ചുകൊണ്ടുതന്നെ ക്നാനായ സമുദായം ഭാരതമണ്ണിൽ വളർന്നു. കാലാന്തരത്തിൽ വ്യാപാരത്തിനായും കൃഷിയ്ക്കായും മദ്ധ്യതിരുവിതാംകൂറിന്റെ വ്യത്യസ്ത ഭാഗങ്ങളിലേക്ക് കുടിയേറിയ ക്നാനായക്കർ അവിടങ്ങളിലെല്ലാം പള്ളികൾവച്ച് സ്വന്തം വൈദികരുടെ ആദ്ധ്യാത്മിക നേതൃത്വത്തിൻ കീഴിലാണ് കഴിഞ്ഞുപോന്നത്.

1653ൽ നടന്ന ദുഃഖകരമായ കൂനൻകുരിശു സത്യത്തോടെ കേരള ക്രൈസ്തവസഭ രണ്ടായി പിളർന്നു. ഇരട്ടകളായി ജനിച്ചു വെന്നും പറയാം. പുത്തൻകൂറ്റും പഴയകൂറ്റും അഥവാ യാക്കോബായ സഭയും കത്തോലിക്കാസഭയും ഇരട്ടകളായി ജനിക്കേണ്ടി വന്നു. എന്നാൽ നമ്മുടെ സംമുദായത്തിൽ ജനിച്ചത് സയാമീസ് ഇരട്ടകളാണ്. വേർതിരിക്കപ്പെടാനാവാത്ത ഒരു ഹൃദയവും രണ്ട് തലകളുമുള്ള സയാമീസ് ഇരട്ടകൾ. ഒരേ രക്തമാണ്, ഒരേ സ്നേഹമാണ് രണ്ട് തലകളിലേക്കും പമ്പ് ചെയ്യപ്പെടുന്നത്.

ക്നാനായ യാക്കോബായ സഭയ്ക്ക് ചിങ്ങവനം കേന്ദ്രമാക്കി 1910 ഭദ്രാസനം ലഭിച്ചു. പഴയ കൂറ്റുകാരായിതന്നെ നിലനിന്ന കത്തോലിക്കരായ നമുക്കുവേണ്ടി 1911ൽ കോട്ടയം രൂപത സ്ഥാപിച്ചു കിട്ടി. അതിനുശേഷമുള്ള ചരിത്രം നമുക്കെല്ലാം സുപരിചിതമാണല്ലോ.

ചരിത്രത്തിന്റെ ഭാഗമായിതന്നെ ക്നാനായ സമുദായത്തെ വിളിക്കാനുപയോഗിക്കുന്ന വ്യത്യസ്ത പേരുകൾ ശ്രദ്ധേയമാണ്. ഒരു പക്ഷെ ഏറ്റവും അവസാനമായി കഴിഞ്ഞ നൂറ്റാണ്ടിൽ മാത്രം നമുക്കു കിട്ടിയ പേരാണ് ക്നാനായക്കാരെന്നത്. ക്നായിത്തൊമ്മന്റെ അനുയായികൾ എന്ന നിലയിൽ. ചരിത്രത്തിൽ നാം ഏറ്റവും അധികം അറിയപ്പെടുന്നത് തെക്കുംഭാഗർ എന്ന പേരിലാണ്. കൊടുങ്ങല്ലൂർ പട്ടണത്തിന്റെ തെക്കുഭാഗത്ത് താമസിച്ചിരുന്നവർ എന്ന അർത്ഥത്തിലാണ് നമ്മെ തെക്കുംഭാഗർ എന്ന് വിളിക്കുന്നത്. സിറിയായിൽ നിന്ന് വന്നതിനാലും സുറിയാനി ഭാഷ ഉപയോഗിച്ചിരുന്നതിനാലും നാം സുറിയാനി ക്രിസ്ത്യാനികൾ എന്നും അറിയപ്പെടുന്നു. ഉദയം പേരൂർ, കടുത്തുരുത്തി, കോട്ടയം, ചുങ്കം, കല്ലിശേരി എന്നീ അഞ്ചു പള്ളികൾ സ്വന്തമായും മറ്റ് പല പള്ളികളിലും പകുതി അവകാശവും ഉണ്ടായിരുന്നതുകൊണ്ട് നമ്മെ അഞ്ചരപള്ളിക്കാർ എന്നും വിളിക്കുന്നു.

നാം മറ്റൊരു പേരിലും അറിയപ്പെടുന്നുണ്ട്. കളിയാക്കാനായ് മറ്റുള്ളവർ നമ്മെ വിളിച്ചിരുന്ന, ഒരു പക്ഷെ എന്നെ ഏറ്റവുമധികം ആഹ്ലാദിപ്പിക്കുന്ന പേരാണ് ചാരം കെട്ടികൾ എന്നത്. നമ്മുടെ കാരണവന്മാർ മുണ്ടിന്റെ തുമ്പിൽ ചാരംകെട്ടിക്കൊണ്ട് നടന്നിരുന്നതുകൊണ്ടാണ് മറ്റുള്ളവർ നമ്മെ ചാരംകെട്ടികൾ എന്ന് വിളിച്ചിരുന്നത്. എന്നാൽ ആ ചാരത്തിന്റെ വിലയറിയാവുന്ന വ്യക്തിക്ക് ചാരം കെട്ടിയെന്നത് പരിഹാസ്യനാമല്ല, മറിച്ച്, അഭിമാന നാമാണ്. 1524ൽ മുസ്ലീങ്ങൾ കൊടുങ്ങല്ലൂർ പട്ടണം അക്രമിച്ച് കീഴടക്കി തീയിട്ടപ്പോൾ സർവ്വതും വിട്ട് ഓടിപ്പോരേണ്ടി വന്നവരാണ് നമ്മുടെ പിതാക്കന്മാർ. ആ അവസരത്തിൽ തങ്ങളുടെ പരിപാവനമായ ദൈവാലയത്തിന്റെയും അവരുടെ പിതാക്കന്മാർ അന്തിയുറങ്ങുന്ന മണ്ണിന്റെയും ഓർമ്മയ്ക്കായി അവരെടുത്ത തിരുശേഷിപ്പാണ് മുണ്ടിന്റെ വിളുമ്പിൽ അവർ കെട്ടിക്കൊണ്ടു നടന്ന ചാരം. അതു വെറും ചാരമല്ല, ചിതാഭസ്മമാണത്. പൂർവ്വികരോട് അവർക്കു ണ്ടായിരുന്ന ഈ സ്നേഹവും ആദരവുമാണ് നമ്മുടെ സിരകളിലും ചിന്തകളിലും നിറഞ്ഞു നില്ക്കുന്നത്.

വ്യത്യസ്ഥ ഘടകങ്ങൾ ചേർന്നതാണ് നമ്മുടെ ക്നാനായത്വം. അതിൽ ചരിത്രപാരമ്പര്യവും സ്വവംശ വിവാഹ നിഷ്ഠയുമുണ്ട്, സാംസ്കാരിക പാരമ്പര്യങ്ങളുമുണ്ട്. നമ്മുടെ പാട്ടുകൾ, വിവാഹ അവസരത്തിലും മരണാവസരത്തിലുമുള്ള നമ്മുടെ വ്യത്യസ്ഥ ചടങ്ങുകൾ, വസ്ത്ര ധാരണ രീതികൾ, അവലോസുണ്ട, പിടി തുടങ്ങിയ നമ്മുടെ പ്രത്യേക ഭക്ഷണ രീതി, ഇവയെല്ലാം ക്നാനായത്വത്തിന്റെ സാംസ്കാരിക ഘടകങ്ങളാണ്. എന്നാൽ ക്നാനായത്വത്തിന്റെ മറ്റൊരു അടിസ്ഥാനഘടകമായ ക്രൈസ്തവ വിശ്വാസത്തിനു നാം സവിശേഷ ശ്രദ്ധ കൊടുക്കണം.

ക്നാനായ മാതാപിതാക്കളിൽ നിന്നുള്ള ജനനം ക്നാനായത്തിലേക്കുള്ള പ്രവേശന കവാടമാണെങ്കിൽ, നാമെല്ലാം ഒന്നാണ് എന്ന ചിന്തയും കൂട്ടായ്മയും നമ്മുടെ ലക്ഷ്യമാണെങ്കിൽ, ഇതിനു മധ്യേയുള്ള മാർഗ്ഗം ക്രൈസ്തവ വിശ്വാസമാണ്. ക്രിസ്തുവിനെ ആദ്യ മധ്യ അന്ത്യ പുരുഷനായി സങ്കൽപ്പിക്കാതുള്ള ക്നാനായ ക്രൈസ്തവ തനിമ അസാധുവും അസംബന്ധവും ആയിരിക്കും. ക്രിസ്തുവിലൂടെയല്ലാതുള്ള ഒരു മാർഗ്ഗവും നമ്മെ പരിപൂർണ്ണ കൂട്ടായ്മയിൽ എത്തിക്കില്ല.

**ക്രൈസ്തവ വിശ്വാസം ക്നാനായത്വത്തിന്റെ അടിസ്ഥാന ഘടകമാണ് എന്ന് പറയുന്നതിനപ്പുറം ഒരു ദുഃഖം പങ്കുവെക്കുവാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ചില പാരമ്പര്യങ്ങൾ നമ്മളാഗ്രഹിക്കുന്ന രീതിയിൽ പിന്തുടരാൻ ചില സഭാഘടകങ്ങളുടെ ഭാഗത്തു നിന്ന് തടസ്സം വന്നപ്പോൾ അവയെ മറികടന്ന് പാരമ്പര്യങ്ങളെ സംരക്ഷിക്കാൻ കത്തോലിക്കാസഭയിൽ നിന്നും വിട്ടുമാറി സ്വതന്ത്ര സഭയാകാനും, അതിനുമപ്പുറം വിശ്വാസാതീതമോ വിശ്വാസരഹിതമോ ആയ സെക്കുലർ കമ്മ്യൂണിറ്റി ആയി ക്നാനായ സമൂഹം മാറണം എന്ന ചിന്ത നമ്മിൽ ചിലരുടെ ഭാഗത്തുനിന്ന് ഉണ്ടായി. ഇതെല്ലാം പാരമ്പര്യങ്ങളെ സംരക്ഷിക്കാൻ വേണ്ടിയാണ് എന്ന് നാം ഓർക്കണം.**

ക്രൈസ്തവാംശം ഒഴിവാക്കിയുള്ള ക്നാനായ പാരമ്പര്യത്തിന് എത്ര പ്രസക്തിയാണുള്ളത്? നമ്മുടെ പുരാതന പാട്ടുകളിൽനിന്ന് ക്രിസ്തീയാംശം മാറ്റിയാൽ പുരാതനപാട്ടുകൾ പുതുക്കിയെഴുതേണ്ടി വരും. മാർത്തോമ്മൻ നന്മയാലൊന്നു തുടങ്ങുന്നുവെന്ന പാട്ടിൽ നിന്നും മാർത്തോമ്മായേയും നന്മയേയും ഉത്തമനായ മിശിഹായേയും മാറ്റിയാൽ, തുടങ്ങൽ മാത്രമേ മിച്ചം കാണുകയുള്ളൂ. തുടങ്ങുന്നിടത്തു തന്നെ ഇടിച്ചു നില്ക്കുകയും ചെയ്യും. മാർഗ്ഗം കളിയിലും പാണൻ പാട്ടിലും വിവരിക്കുന്നത് ക്രിസ്തീയ വിശ്വാസ ചരിത്രം തന്നെയല്ലെ? ക്രിസ്തീയാംശത്തെ മായിച്ചുകളയാൻ കടുത്തുരുത്തി പള്ളിയേയും കോട്ടയം വലിയ പള്ളിയേയും അവയുടെ കരിങ്കൽ കുരിശുകളെയുമൊക്കെ പൊട്ടിച്ചുകളയാനാവുമോ?

ക്നാനായത്വം വിശ്വാസത്തിലൂടെ കൂട്ടായ്മ ജനിപ്പിക്കണം. കൂട്ടായ്മ എന്നത് കൂട്ടിവെക്കലല്ല. കൂട്ടിപ്പിടിപ്പിക്കലുമല്ല. പങ്കുവെയ്ക്കലാണ്. അപ്പസ്തോലന്മാരുടെയും ആദിമക്രൈസ്തവ സമൂഹത്തിന്റെയും കൂട്ടായ്മപോലെ സ്നേഹധിഷ്ഠിത പങ്കുവെയ്ക്കലുണ്ടാകണം. എങ്കിൽ മാത്രമേ കാതോലിക്കാബാവായുടെ സ്വപ്നത്തിലെ വെളിപാട് ഭാരതത്തിലും ലോകം മുഴുവനിലും സാക്ഷാത്കരിക്കാനാവൂ; ക്നായിതോമ്മയുടെ ദൗത്യം പൂർണ്ണതയിലെത്തൂ.

*(Presented at European Knanaya Convention in Vienna).*

## ESSAY COMPETITION

Ecumenical Council is conducting essay competition in English and Malayalam on “Kerala Church’s quest for identity in North America, in ecumenical, cultural and social perspective. Categories are (a) Youth 18 years old or under (b) More than 18 years old in English (c) In Malayalam. Size: 1,200 words or less. Last Day: November 30, 2008.

For details: Rev. Johnson Philip 630-802-2766 or Rev. Mathew Idicula 630-986-1195.

## ECUMENICAL FAMILY RETREAT

Ecumenical Council is conducting Jubilee Year Family Retreat and Gospel Convention at St. Thomas Mar Thoma Church, Lombard, 710 N. Main St., Lombard, IL 60148. on October 4, 2008. Family Retreat is from 2:00 P.M. to 5:00 P.M. and Convention is from 6:00 P.M. to 8:00 P.M. Speaker Rev. Dr. Martin Alphonse.

For details: Rev. Lawrence Johnson 773-213-1297 or Joychen Puthukulam 847-390-7836.




## MARRIAGE PREPARATION COURSE

**Family Commission of Sacred Heart Knanaya Catholic Parish is offering Marriage Preparation Course that is mandatory for Catholic Marriage. The course will be held at our Church from Friday, November 28 to Sunday 30th. Early registration is required. Please contact Tonny Pullappally at 630-205-5078.**

**മേവുഡ് മാതാവിന്**
**ഉപകാര സ്മരണ**



**- ഒരു വിശ്വാസി**

**മേവുഡ് മാതാവിന്**
**ഉപകാര സ്മരണ**



**- സുജ സിറിൾ**

**ഉപകാര സ്മരണ**
**താമസിച്ചതിന്ന ക്ഷമാപണം**



**- സുജ സിറിൾ**

**അൽഫോൻസാമ്മയ്ക്ക്**
**ഉപകാര സ്മരണ**



**- മോളി പുത്തൻപുരയിൽ**



## YOUTH AND COUPLES RETREAT

Residential **Couples Retreat, Youth Retreat in Malayalam, Teens Retreat in English** for 7th to 10th Graders, and Youth Retreat in English for 11th graders and up for St. Mary’s Unit and Maywood Church. Expert Team will guide all the retreat groups.

WHEN: **December 26th evening to 29th evening**.
WHERE: **Bishop Lane Retreat Center, Rockford**.
Common Transportation will be arranged. Early Registration is required to assure your seat. Registration fee per person to meet the expense including food, accommodation, resource team, and transportation is **$250**. Compulsory for Religious Education Staff and students from 7th grade. Please don’t miss this great opportunity for spiritual experience. Please register with payment to Retreat coordinators, youth directors or DREs.

| SUNDAY OFFERINGS | September 28 |
|---|---|
| **St. Mary's Unit at OLV** | **263.00** |
| Sacred Heart Church Malayalam Mass | 1,172.00 |
| English Mass for children and youth | 59.00 |
| Food Women Ministry | 200.00 |
| Agape Stall for Charity | 51.00 |
| **TOTAL AT MAYWOOD** | **1,482.00** |
| **THANK YOU FOR SUPPORT** | |
| **Please include our parish in your will.** | |



## Ushers at Sacred Heart

| October 5 | October 12 |
|---|---|
| Christy Babu<br>Soumya George<br>Sindhu Jimmy<br>Sijo George<br>**English Mass**<br>Joel Chakkalakel<br>Jaimie Vayalil | George Karikkal<br>Jaison Chacko<br>Abin Kulathilkarottu<br>Sunil Vanchiparikal<br>**English Mass**<br>Neethu Ellankiyil<br>Greesham Kattapuram |

## READERS / LECTORS — ഏലിയാ ശ്ലീവാ മോശ കാലങ്ങൾ

| October 5 | PASSAGE | MAYWOOD MALAYALAM & ENGLISH | | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Isaiah 5:1-7 | Sunny Indikuzy | Jessin Naduparambil | Steve Tharathattel |
| 2nd Reading | Philippians 4:6-9 | Lucy Kaniyaly | Stefy Idiyalil | Felix Poothrukayil |
| Gospel | Matthew 21:33-43 | *The kingdom of God will be given to those who will produce its fruit* | | |
| October 12 | | | | |
| 1st Reading | Isaiah 25:6-10a | Annama Thekaparambil | Greesham Kattapuram | Justin Mathew |
| 2nd Reading | Philip 4:12-14, 19-20 | Jose Thazhaththuvettathu | Lidiya Jacob | Naibo Thaiparampil |
| Gospel | Matthew 22:1-14 | *I have prepared my banquet, and everything is ready. Come to the feast!* | | |



## തിയോളജി കോഴ്സ്

മാസത്തിന്റെ എല്ലാ രണ്ടും നാലും ശനിയാഴ്ചകളിൽ 10:00 മണിയുടെ തിരുക്കർമ്മങ്ങൾക്ക ശേഷം തിയോളജി കോഴ്സ് നടത്തുന്നുണ്ട്. ബൈബിൾ, ആരാധനാക്രമം, സഭാ ശാസ്ത്രം, തുടങ്ങിയ വിഷയങ്ങൾ പഠിക്കുവാനും ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും ആഗ്രഹിക്കുന്നവർ ഇതിന്റെ കോർഡിനേറ്ററായ റോയി കണ്ണോത്തറയുടെ പക്കൽ പേരു നല്കി രജിസ്റ്റർ ചെയ്യുക. ഫോൺ നമ്പർ: 630-290-8756.

## Please Join HERE I AM LORD Program of OLV Parish

We are invited to participate in the **Regional Vocations Conference for Teens and Young Adults** organized by Our Lady of Victory Parish at 5212 W. Agatite Ave, Chicago, IL 60630.

**What Is It?** Fellowship, Praise & Worship, Vocation Education, Inspirational Speeches, Multi-Media Presentation.

**Who Should Come?** The conference is geared toward all ages: teens, young adults, and adults.

**Time:** 5:30 P.M. until 10:00 P.M. on Friday October 10, 2008.

9:30 A.M. until 5:30 P.M. Saturday October 11, 2008. Holy Mass by Bishop Thomas J. Paprocki at 4:30 P.M. Doors reopen for EVANG-A-GANZA program of Sal Solo from 7:00 P.M. until 10:00 P.M.

**How Do I Reserve My Spot?** E-mail at hialolvchicago@aol.com or by calling 773-425-2653

A $5.00 free will donation will be collected at the door for each day.

For other details please visit www.hereiamlord.net

***Please Support Our Advertisers.***

**Best compliments from The Mutholath Family**

**Pro-Rehab Services, P.C.**



**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463 — 9518 W. 179th Street, Tinley Park, IL 60487
(708) 489 6PRS — *www.pro-rehabservices.com*

**Choicecare Home Health, Inc.**

**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, *www.choicecarehh.com*

Medicare Certified, most insurance accepted.

Greetings to Knanaya Catholic Parish Chicago



SERVING THE MALAYALEE COMMUNITY SINCE 1982

Personal Injury • Wrongful Death • Medical Negligence • Car Accidents • Slip and Fall • Work Injuries

*Your Call is Always Welcome*

**Attorney Steve Crifase**

**312-855-0511**

8 South Michigan, Suite 2000, Chicago, Illinois 60603

*Dupage County Office and Home Visits Available*

---

**ST. MICHAEL'S TOWING**
24 HOUR ROADSIDE ASSISTANCE
1-866-JOE-4-TOW

**POWER WASH** 847-568-1500
4002 W. Chicago, IL
7736 W. Dempster, Morton Grove, IL

JOY CHEMMACHEL
312-560-1600



---

Gasoline distribution throughout the Midwest

***Your KNANAYA Gasoline Jobber***

**Gas Depot Oil Co.**
IL 60053
847-581-0303 (Off)
847-581-0309 (Fax)
**www.gasdepot.com**

---

Your

Advertisement Here

---

**Professional with 11 years experience in catering.**

Call **WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out

---

**ROYAL TRAVEL SERVICE**

3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625
TEL: (773) 509-9600, FAX: (773) 509-1196

*KUWAIT AIRWAYS * AIR INDIA * MALAYSIAN
* SWISS AIR * BRITISH AIRWAYS * LUFTHANSA
AIR FRANCE * KLM * SINGAPORE AIR, ETC.,

**YOUR KNANAYA TRAVEL AGENCY**

CONTACT: JOSE KORATTIYIL, JAY KALAYIL, CHERIAN VENKADATHU

---

**LINCOLNWOOD**
MORTGAGE SERVICES, INC.



4039 W. Main St., Skokie, IL 60076
**Phone: 847-674-1600**
**Fax: 847-674-1608**
*For all your Mortgage Services*
Please contact: **Benny Kuriakose (Kanjiraparayil)**
Phone: 847.583.1245, Pager: 773.258.1301.
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals

---

*Home dream home !*
*To fulfill your sweet dream call today & experience the difference !*

Shaji Nirappil
Cell: (630)886-1044
Office: (630)539-7076
Fax: (630)833-6747
shajinirappil@hotmail.com



Avian Realty
Serving You More For Less

---

**SPACE AVAILABLE FOR YOUR ADVERTISEMENT**

---

**CITYWIDE JMW REALTY INC.**



4313 W. Irwing Park, Chicago, IL 60641

**ALEX MULLAPPALLIL**
REALTOR CONSULTANT

Tel: 773-286-6200 * Cell: 847-208-6657
Res: 847-679-9431 * Fax: 773-286-9516

Specializing in: Gas Stations, Investments, Commercial, & Residential.

---

**FAMILY DENTAL Practice**

• Most Insurance accepted
• Free Consultation
• Emergencies promptly treated



Comprehensive Family & Cosmetic Dentistry
ORTHODONTICS (BRACES & INVISALIGN)
for children and Adults
DISCOUNTS available for every one
**MAJOR DISCOUNTS**
For patients WITHOUT insurance

Dr. Susan Edukutharayil, B.D.S., D.D.S.

**9709 N. Milwaukee Ave., Glenview, IL 60025**
(Northwest Corner of Milwaukee & Greenwood)
**Office: (847) 581-1418 Fax: ( 847) 581-1445**
Emergency: (630) 674-6201 Home: (630) 674-6207

---

FOR ALL YOUR PERSONAL AND BUSINESS TAX SERVICES



**TOMY NELLAMATTAM**
619 N. Milwaukee Ave., Suite 25
Glenview, IL 60025.
847-486-4112 (Off)
847-302-8556 (Cell)
847-724-3247 (Fax)

---



**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS

7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com

* Free Electronic Filing *
* Refund in 24 Hours *

---

**CitizensBank&Trust**
5700 N. Central Ave. Chicago, IL 60646

**YOUR COMMUNITY BANK!**
**WE ARE HERE FOR ALL YOUR NEEDS!**
***Commercial * Residential * Investments***

**ANNA G. LES**
ASSISTANT VICE PRESIDENT
Main: 773.763.6200
Email: annales@cbtoc.com

FDIC
FEDERAL DEPOSIT INSURANCE CORPORATION

EQUAL HOUSING LENDER

---

**United ATM & CARD**
***Your Source For Revenue***
619 N. Milwaukee Ave. Suite # 17
Glenview, IL 60025
**FREE ATM Machine**
**FREE Credit Card Machine**
**Call Thampychen Chemmachel**
Toll Free 866 595 8192 Office 847 510 5725
Cell 630 788 6486 Jlukose@ uaacc.com